LIBRARY ARCHIVES Kerala Legislative Assembly

എച്ച്.എൽ.എൽ.-ന്റെ സഹായത്തോടെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ

5 (451) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എച്ച്.എൽ.എൽ.-ന്റെ സഹകരണത്തോടെ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദീകരിക്കുമോ ;

(ബി) ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുമായുള്ള സംയുക്ത സംരംഭത്തോടെ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനായി സംസ്ഥാന സർക്കാർ എച്ച്.എൽ.എല്ലു-മായി ഏതൊക്കെ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) എച്ച്.എൽ.എൽ.-ന്റെ സഹകരണത്തോടെ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല

(സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ജീവൻരക്ഷാ ഔഷധങ്ങളുടെ വിതരണം

6 (452) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രോഗികൾക്കാവശ്യമായ ജീവൻരക്ഷാ ഔഷധങ്ങളുടെ വിതരണം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) പല ജില്ലാ ആസ്ഥാനങ്ങളിലും ജീവൻരക്ഷാ ഔഷധങ്ങളുടെ സുഗമമായ വിതരണത്തിന് സംവിധാനങ്ങളില്ലാത്തതിനാൽ രോഗികൾ വളരെയേറെ ബുദ്ധിമുട്ടുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജീവൻരക്ഷാ ഔഷധങ്ങളുടെ വിതരണത്തിനായി ഏതൊക്കെ ജില്ലകളിൽ ജില്ലാതല വില്പനശാലകൾ ഇപ്പോൾ പ്രവർത്തിപ്പിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ ജില്ലകളിലും ഇത്തരം ജില്ലാതല വില്പനശാലകൾ തുറക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 529 ഇനം അവശ്യമരുന്നുകൾ (essential drugs) വിവിധ ആശുപത്രികളിൽനിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ജില്ലാതല വിൽപ്പനശാലകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുവിതരണം ചെയ്യുവാനുള്ള വെയർ ഹൗസുകൾ 14 ജില്ല കളിലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്ക് വേണ്ട മരുന്നുകൾ മിതവിലയ്ക്ക് വിൽക്കുന്നതിനായി കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വില്പന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രണം

7 (453) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുടെ വില ക്രമാതീതമായ രീതിയിൽ വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിലവർദ്ധന നിയന്ത്രണവിധേയമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ജീവൻരക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, വില നിയന്ത്രണവിധേയമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly